മേൽപ്പറഞ്ഞവയിൽ ചെറുതുരുത്തി ചെക്ക്ഡാമുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂനികുതി വർദ്ധിപ്പിച്ച നടപടി

109 (5191) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ കർഷകർ സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കേ ഭൂനികുതി ആറ് ഇരട്ടിയോളം വർദ്ധിപ്പിച്ചിരിക്കുന്ന നടപടി സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

1-1-2015-ലെ വിജ്ഞാപനമനുസരിച്ച് പഞ്ചായത്ത് ഏരിയയ്ക്ക് 8.1 ആർ വരെ ഒരു ആറിന് 2.50 രൂപ, ഠൗൺ പഞ്ചായത്ത്/മുനിസിപ്പൽ ഏരിയയ്ക്ക് 2.43 ആർ വരെ ഒരാറിന് 5 രൂപ, മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയ്ക്ക് 1.62 ആർ വരെ ഒരാറിന് 10 രൂപ എന്ന നിരക്കിലാണ് ഭൂനികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച വിസ്തീർണ്ണം അധികരിച്ചാൽ പഞ്ചായത്ത് പ്രദേശത്ത് ഒരു ആറിന് 5 രൂപയും ഠൗൺ പഞ്ചായത്ത്/ മുനിസിപ്പൽ പ്രദേശത്ത് ഒരു ആറിന് 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് ഒരു ആറിന് 20 രൂപയും ആയി നിശ്ചയിച്ചിട്ടുള്ളതാണ്. നിലവിലുള്ള ഭൂനികുതി വർദ്ധന കർഷകർക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി കരുതുന്നില്ല. മറ്റ് നികുതികളെ അപേക്ഷിച്ച് താരതമ്യേന ചെറിയ തുകയാണ് ഭൂവുടമകളിൽ നിന്നും ഭൂനികുതിയിനത്തിൽ ഈടാക്കിവരുന്നത്. രൂപയുടെ മൂല്യത്തിന് കാലാനുസൃതമായി വന്നിട്ടുള്ള വ്യതിയാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വരുമാനത്തിനനുസരിച്ചുള്ള നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. ഇത് ഒരു അമിതഭാരമായി തീരുവാൻ സാദ്ധ്യതയുള്ളതായി കരുതുന്നില്ല.

ബഡ്ജറ്റിൽ റവന്യൂ വകുപ്പിനുവേണ്ടി വകയിരുത്തിയ തുക

110 (5192) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബജറ്റിൽ റവന്യൂ വകുപ്പിനുവേണ്ടി വകയിരുത്തിയ തുക എത്രയെന്നും ഇത് ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly